**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2195** **11.02.2020** – ൽ മറുപടിയ്ക്ക്

## മാതാവ് മരണപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം

<u>ചോദ്യം</u>

ശ്രീ.കെ.കുഞ്ഞിരാമൻ

<u>മറുപടി</u>

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ഭർത്താവ് മരണപ്പെട്ട സ്ത്രീകളുള്ള കുടുംബത്തിലെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | നിലവിലുണ്ട്.<br>2 ലക്ഷം രൂപ വരെ വരുമാനമുള്ള പൊതുവിഭാഗത്തിൽപ്പെടുന്ന വിധവകളുടെ പെൺമക്കൾക്ക് 30,000 രൂപ നിരക്കിൽ വിവാഹ ധനസഹായം അനുവദിക്കുന്നുണ്ട്.<br>3 ലക്ഷം രൂപ വരെ വരുമാനമുള്ള ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ പട്ടികജാതി പട്ടിക വർഗ്ഗ വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം 75000/- രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്.<br>അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലാണ് നല്കേണ്ടത്. |
| (ബി) | ഭാര്യയാണ് മരിച്ചതെങ്കിൽ ഈ പദ്ധതി പ്രകാരം വിവാഹ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ധനസഹായം നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഭാര്യ മരിച്ചതിനുശേഷം മക്കളെ നോക്കാതെ രണ്ടാംവിവാഹം കഴിച്ച് ജീവിക്കുകയും ആദ്യഭാര്യയിലെ പെൺമക്കൾ കഷ്ടത അനുഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മേൽ പദ്ധതിയിൽ കാതലായ മാറ്റം വരുത്തി അമ്മ മരണപ്പെട്ട പെൺകുട്ടികൾക്കും വിവാഹ ധനസഹായം നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**